# ജി എച്ച് എസ് എസ് കുമരപുരം

## അക്കാദാമിക് മാസ്റ്റർ പ്ലാൻ

## ഹൈസ്കൂൾ വിഭാഗം

**2025-26**

## ജി എച്ച് എസ് കുമരപുരം പ്രാഥമിക വിവരങ്ങൾ

സ്കൂളിൻ്റെ പേര് : ജി എച്ച് എസ് കുമരപുരം

സ്കൂൾ കോഡ്. : 21063

ഇമെയിൽ : ghsskumarapuram1@gmail.com

വിദ്യാഭ്യാസ ജില്ല : പാലക്കാട്

ക്ലാസുകൾ : 8 മുതൽ 12 വരെ

പഠനം മാധ്യമം. : മലയാളം/ഇംഗ്ലീഷ്

വിലാസം : ജി എച്ച് എസ് കുമരപുരം
അംബികപുരം പി ഓ
കൽപ്പാത്തി,പാലക്കാട്

**പിൻകോഡ് :**

**ഫോൺ നമ്പർ : 04912576362**

# മികവുകൾ

***എസ്എസ്എൽസി 100% വിജയം**

2022 -23 കാലയളവിൽ സ്കൂളിന്റെ ചരിത്രത്തിലാദ്യമായി നേടിയ എസ്എസ്എൽസി 100% വിജയം അഭിമാനകരമായ ഏറ്റവും വലിയ നേട്ടമാണ്. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പിടിഎയുടെയും നിരന്തര പരിശ്രമത്തിന്റെ ഫലമായി 2023- 24 ,24-25കാലഘട്ടത്തിലും ഈ വിജയം നിലനിർത്താനായി എന്നത് ചാരിതാർത്ഥ്യം നൽകുന്നു.

***എസ് പി സി, ജെ ആർ സി , ഹരിതസേന യൂണിറ്റുകൾ**

സാമൂഹ്യസേവനത്തിലൂടെയും രാഷ്ട്രസേവനത്തിലൂടെയും വിദ്യാർഥികളെ മികച്ച പൗരരാക്കി വിഭാവനം ചെയ്യുന്ന എസ് പി സി ,ജെ ആർ സി യൂണിറ്റുകൾ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നു. സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾക്ക് വിദ്യാർഥികളുടെ നേതൃത്വം ഏറ്റെടുത്തു നടത്തുന്ന എസ് പി സി ജെ ആർ സി കെഡറ്റുകൾ മറ്റു വിദ്യാർത്ഥികൾക്ക് മാതൃകയായി മാറുന്നു. സ്കൂളിൻ്റെ അച്ചടക്കത്തിലും സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിലും യൂണിറ്റുകളുടെ പങ്കാളിത്തം ശ്രദ്ധേയമാണ്. കുട്ടികളിൽ പാരിസ്ഥിതിക അവബോധവും സ്നേഹവും വളർത്തുന്നതിൽ ഹരിതസേന മികച്ച പങ്കുവഹിക്കുന്നു.

***ഭിന്നശേഷി സൗഹൃദ വിദ്യാലയം**

ഭിന്നശേഷി സൗഹൃദ വിദ്യാലയമാണ് കുമരപുരം. ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ ഭിന്നശേഷി വിദ്യാർഥികൾ പഠിക്കുന്ന സ്കൂളുകളിൽ ഒന്നാണ് കുമരപുരം. ഏകദേശം കുട്ടികൾ 8,9 10 ക്ലാസുകളിലായി

ഉൾചേർക്കൽ വിദ്യാഭ്യാസത്തിൻറെ ഭാഗമായി വളരെ ആരോഗ്യകരവും സന്തോഷകരവുമായ ഒരു വിദ്യാലയ അന്തരീക്ഷത്തിലൂടെ കടന്നുപോകുന്നു. അക്കാദമിക അന്തരീക്ഷം വിഭാവനം ചെയ്യുന്ന സാമൂഹിക സാംസ്കാരിക മൂല്യങ്ങൾ സാംശീകരിക്കുന്നതിന് ഉൾ ചേർക്കൽ വിദ്യാഭ്യാസം കുട്ടികൾക്ക് അവസരം ഒരുക്കുന്നു. ഓണാഘോഷത്തോടനുബന്ധിച്ച് ഭിന്നശേഷിക്കാരായ കുട്ടികളും അവരുടെ രക്ഷിതാക്കളും ചേർന്നൊരുക്കിയ പൂക്കളം വ്യത്യസ്ത അനുഭവം പകർന്നു.പഠനപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള പഠന പിന്തുണ പ്രവർത്തനങ്ങളിൽ സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനം കുമരപുരം സ്കൂളിന് അക്കാദമികവും സാമൂഹികവുമായ വലിയ നേട്ടമാണ്.

***സ്കൂൾ കൗൺസിലിംങ്**

പഠനാന്തരീക്ഷത്തിനും വ്യക്തിത്വ വികസനത്തിനും പ്രതിസന്ധികൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക മാനസിക പിന്തുണയും ഭൗതിക പിന്തുണയും പരിഗണനയും നൽകി അവരെ മികച്ച പൗരരാക്കി മാറ്റാൻ സഹായിക്കുന്ന സ്കൂൾ

കൗൺസിലറുടെ സേവനം സ്കൂളിൻ്റെ മറ്റൊരു മുതൽക്കൂട്ടാണ്.

***കരിയർ ഗൈഡൻസ് ക്ലാസുകൾ**

എസ്എസ്എൽസി വിദ്യാർത്ഥികൾക്കായി എല്ലാവർഷവും സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിക്കുന്നത് വിദ്യാർഥികളെ ലക്ഷ്യബോധമുള്ള സാമൂഹിക ജീവിതത്തിന് സഹായിക്കുന്നു.

***വിവിധ ക്ലബ് പ്രവർത്തനങ്ങൾ**

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനവും  സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനവും സ്കൂളിനെ സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമാക്കി നിലനിർത്താൻ സഹായിച്ചിട്ടുണ്ട്. കുട്ടികളിലെ സർഗ്ഗ, കലാ നൈപുണികളെയും ഭാഷാശേഷിയെയും വികസിപ്പിക്കുന്ന വിവിധ ഭാഷാ ക്ലബ്ബുകൾ (വിദ്യാരംഗം (മലയാളം) ഇംഗ്ലീഷ് ,ഹിന്ദി സംസ്കൃതം ക്ലബുകൾ), ശാസ്ത്ര, ഗണിത, സാമൂഹികശാസ്ത്ര , സൈക്കോ സോഷ്യോ ക്ലബ്ബുകൾ തുടങ്ങിയവയും അതതു വിഷയങ്ങളുമായി ബന്ധപ്പെട്ട

ദിനാചരണങ്ങൾ സമുചിതമായി സംഘടിപ്പിച്ചിട്ടുണ്ട് . വ്യക്തിത്വ വികസനം ,സാമൂഹിക ശുചിത്വം ,വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കൽ,യോഗ,ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ, വിവിധ ദിനാചരണങ്ങളുടെ അനുബന്ധിച്ചുള്ള സാമൂഹിക ബോധവൽക്കരണ റാലികൾ, പെൺകുട്ടികൾക്ക് ക്രാഫ്റ്റ്, തുന്നൽ ക്ലാസുകൾ, തുടങ്ങിയവയിലൂടെ  പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠന പാഠ്യേതര  പ്രവർത്തനങ്ങളിൽ മികച്ച പങ്കാളിത്തം ഉറപ്പാക്കുന്നു.

***മുഴുവൻ വിദ്യാർത്ഥികൾക്കും ഉച്ചഭക്ഷണം**

സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പോഷകസമൃദ്ധമായ ഉച്ചഭക്ഷണം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട് എന്നത് അക്കാദമിക വർഷത്തെ ഏറ്റവും വലിയ നേട്ടങ്ങളിൽ ഒന്നായി കാണുന്നു.

***കായിക നേട്ടം**

കലാകായികാധ്യാപകരുടെ അഭാവത്തിലും അധ്യാപകരുടെയും പിടിഎ യുടെയും പിന്തുണയുടെയും കുട്ടികളുടെ നിരന്തര പരിശ്രമത്തിന്റെയും ഫലമായി ഈ മേഖലയിൽ മികച്ച നേട്ടങ്ങൾ കരസ്ഥമാക്കാൻ നമ്മുടെ കുട്ടികൾക്കായി.

## ഭൗതിക നേട്ടങ്ങൾ

**ലൈബ്രറി**

7000ത്തിലധികം പുസ്തകങ്ങൾ ഉള്ള സ്കൂൾ ലൈബ്രറി സ്കൂളിൻറെ ഏറ്റവും മികച്ച ഭൗതിക നേട്ടങ്ങളിൽ ഒന്നാണ്

## ഹൈടെക് ക്ലാസ് മുറികൾ, ഐടി ലാബ്

നിലവിൽ ഹൈസ്കൂൾ വിഭാഗത്തിന്റെ ക്ലാസ് മുറികൾ എല്ലാം ഹൈടെക് ക്ലാസ് മുറികളാണ്.

എല്ലാ കുട്ടികൾക്കും ഐ ടി പഠനം ഉറപ്പുവരുത്തുന്ന മികച്ചൊരു ഐടി ലാബും സ്കൂളിലുണ്ട്.

## വിശാലമായ ഭക്ഷണശാല

നൂറു പേർക്ക് ഒരേ സമയം ഇരുന്ന് ഭക്ഷണം കഴിക്കാവുന്ന വിശാലമായ ഒരു ഭോജനശാല കുമരപുരം സ്കൂളിന്റെ ഭൗതിക നേട്ടങ്ങളിൽ ഒന്നാണ്.

## വിശാലമായ സ്കൂൾ ഗ്രൗണ്ട്

പാലക്കാട് മുൻസിപ്പാലിറ്റി പരിധിയിൽ വരുന്ന സ്കൂളുകളിൽ തന്നെ ഏറ്റവും മികച്ച ഒരു ഗ്രൗണ്ട് കുമരപുരം സ്കൂളിനുണ്ട്. ഏകദേശം ഒരു ഏക്കറോളം വരുന്ന ഗ്രൗണ്ട് സന്നദ്ധ സംഘടനകളുടെയും മറ്റുംസഹായസഹകരണത്തോടെ എല്ലാവർഷവും ഉപയോഗപ്രദമാക്കി കുട്ടികൾക്ക് കായിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു.

## വിദ്യാവനം പദ്ധതി

ഫോറസ്റ്റ് ക്ലബ്ബിന്റെ നേതൃത്വത്തിൽ  ഫോറസ്റ്റ് വിഭാഗത്തിന്റെ പിന്തുണയോടെ നടപ്പിലായ വിദ്യാവനം പദ്ധതി വിദ്യാർത്ഥികളിൽ പാരിസ്ഥിതിക അവബോധത്തിന് ഏറെ സഹായിക്കുന്ന അക്കാദമിക ഭൗതിക നേട്ടങ്ങളിൽ പ്രധാനമാണ്.

## അക്കാദമിക/ ഭൗതിക പരിമിതികൾ

നിലവിൽ വിശാലമായ ഒരു ലൈബ്രറി നമുക്കുണ്ടെങ്കിലും വേണ്ടത്ര വായുവും വെളിച്ചവും ഉള്ള ഒരു റീഡിങ് റൂമിന്റെ അഭാവം നമുക്കുണ്ട്. എല്ലാ പുസ്തകങ്ങളും ഒരു വിരൽത്തുമ്പിൽ ലഭ്യമാകുന്ന ഡിസ്പ്ലേ സൗകര്യമുള്ള ഡിജിറ്റലൈസഡ് ലൈബ്രറി നമ്മുടെ സ്വപ്നമാണ്. സ്കൂളിൽ ഉയരുന്ന പുതിയ കെട്ടിടം ഈ സ്വപ്നങ്ങളുടെ സാഫല്യമാകുമെന്ന് പ്രതീക്ഷിക്കാം.

കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിനു ഉതകുന്ന ആധുനിക സൗകര്യമുള്ള ശൗചാലയങ്ങൾ പണിയുകയും നിലവിലുള്ളവ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

പൂർവ വിദ്യാർത്ഥി കൂട്ടായ്മയുടെയും പിടിഎ സഹകരണത്തോടെയും ക്ലാസ് മുറികൾ പെയിൻറ് ചെയ്തു മെച്ചപ്പെടുത്തിയെങ്കിലും ശാസ്ത്ര,ഗണിത ലാബ് സാമൂഹ്യ ശാസ്ത്ര ലാബ് എന്നിവ സ്കൂളിന് പ്രത്യേകമായി ഇല്ല . പ്രവർത്തിച്ചു പഠിക്കുക അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയ ആശയങ്ങൾ പൂർണ്ണമായ അർത്ഥത്തിൽ സാഫല്യത്തിൽ എത്താൻ പ്രത്യേകം ലാബ് സൗകര്യം ഉണ്ടാവേണ്ടതുണ്ട്. അതിലേക്ക് ആവശ്യമായ ഉപകരണങ്ങളും ലഭ്യമാകേണ്ടതുണ്ട്.

മികച്ച ഒരു ഗ്രൗണ്ട് നമുക്കുണ്ടെങ്കിലും കുട്ടികൾക്ക് പൂർണ്ണമായും ഉപയോഗപ്രദമാക്കുന്ന വിധത്തിൽ

ഗ്രൗണ്ടിനെ നവീകരിക്കേണ്ടതുമുണ്ട്. ആഴ്ച്ചയിൽ 2 ദിവസം മാത്രം ലഭ്യമായ കായികാധ്യാപകൻ്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തണം.

ഭൗതികമായും അക്കാദമികമായും എല്ലാ സൗകര്യങ്ങളും ഉണ്ടെങ്കിലും ടൗണിലെ സ്കൂളുകളെ അപേക്ഷിച്ചു കുമരപുരം സ്കൂളിനുള്ള ഏറ്റവും വലിയ പരിമിതി യാത്രാസൗകര്യത്തിന്റെ അഭാവമാണ്. ഇത് മൂലം ഓരോ വർഷവും സ്കൂളിൽ വിദ്യാർഥികൾ കുറയുന്ന സാഹചര്യമാണുള്ളത്. വരുന്ന അക്കാദമിക വർഷമെങ്കിലും ഇതിന് ശാശ്വതമായ ഒരു പരിഹാരം കാണേണ്ടതുണ്ട്.

**2024 -25 അക്കാദമിക**

## വികസന ലക്ഷ്യങ്ങൾ/ പ്രവർത്തനപദ്ധതികൾ

ഭാഷാശേഷി വികസനം /ഭാഷ ലാബ്

ഗണിതശേഷി വികസനം

ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ

ഹിന്ദി ഭാഷാപഠനം അനായാസകരമാക്കൽ

വായനശേഷി വർദ്ധിപ്പിക്കൽ

ദേശീയനിലവാര പരീക്ഷ പരിശീലനം

ശാസ്ത്രോഷണപരിപാടി

ലൈബ്രറി ശാക്തീകരണം

പഠനയാത്രകൾ

സ്കൂൾ മാസിക ,പത്രം

പ്രവർത്തിപരിചയ പരിശീലനം

കലാപരിപോഷണം

സാഹിത്യ ശില്പശാലകൾ

ലഘു ഭക്ഷണം (പഠനത്തിന് സജ്ജമാക്കൽ )

സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ

ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ

കായിക ശേഷി വികസനം /സ്കൂൾ ഗ്രൗണ്ട് നവീകരണം

വിലയിരുത്തൽ കാര്യക്ഷമമാക്കൽ

ദിനാചരണങ്ങൾ

രചനാ ശില്പശാല

ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ

ഭിന്നശേഷി ശാക്തീകരണം

സ്കൂൾ കൗൺസിലിംഗ് ശാക്തീകരണം

SSLC സമ്പൂർണ്ണ വിജയം

## മലയാളം പ്രവർത്തന പദ്ധതികൾ (അക്കാദമിക് മാസ്റ്റർ പ്ലാൻ )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | പഠന സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്ക | നിലനിർണയനം<br>അക്ഷരമുറപ്പിക്കൽ<br>വാക്കുകൾ നിർമ്മിക്കൽ | | ജൂലൈ മുതൽ സെപ്റ്റംബർ വരെ | പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br>ICT സാധ്യതകൾ | മലയാളം<br>അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| ൽ | വാക്യങ്ങൾ നിർമ്മിക്കൽ<br><br>ചിത്രം അടിക്കുറിപ്പ് തയ്യാറാക്കൽ<br><br>ചിത്രം- കഥയെഴുത്ത്<br><br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | ഡയറിയെഴുത്ത്<br><br>സചിത്ര വ്യാഖ്യാനം<br><br>പോസ്റ്റർ നിർമ്മാണം | | | |
| കുട്ടിയെ മികച്ച വായന അനുഭവത്തിലേക്ക് നയിക്കൽ | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br><br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br><br>പ്രാദേശിക ഗ്രന്ഥശാല അംഗത്വം<br><br>വായനോത്സവം സംഘടിപ്പിക്കൽ<br><br>പത്രവായന<br><br>പുസ്തക ചർച്ച<br><br>വായനക്കുറിപ്പ് പതിപ്പ്<br><br>വിദ്യാരംഗം കലാസാഹിത്യ | ക്ലാസ് ലൈബ്രറി ചുമതല<br><br>ശേഖരിപുരം ഗ്രന്ഥശാല<br><br>വായനാദിനം ജൂൺ 19<br><br>ദിനാചരണങ്ങൾ/അസംബ്ലി<br><br>ബഷീർ ദിനം , കേരളപ്പിറവി<br><br>മാതൃഭാഷ ദിനം | ജൂൺ മുതൽ | ക്ലാസ് ലൈബ്രറി<br><br>സ്കൂൾ ലൈബ്രറി<br><br>പത്രങ്ങൾ<br><br>അനുകാലികങ്ങൾ<br><br>ഇൻറർനെറ്റ് സംവിധാനം | മലയാളം<br><br>അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | വേദി പ്രവർത്തനങ്ങൾ<br><br>ഭാഷയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ<br><br>ഈ വായന | | | | |
| കുട്ടിയിൽ മികച്ച എഴുത്തുകാര കർതൃത്വം രൂപപ്പെടുത്തൽ | എഴുത്തുകൂട്ടം രൂപീകരണം<br><br>പുസ്തക ചർച്ച<br><br>വായനക്കുറിപ്പ് പതിപ്പ്<br><br>സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br><br>വ്യക്തിഗത രചന സംഘ രചന<br><br>ഭാഷാ പ്രോജക്ടുകൾ<br><br>എഴുത്തുകാരുമായുള്ള അഭിമുഖം | | ജൂലൈ<br><br>മുതൽ<br><br>ഡിസംബർ വരെ | ലൈബ്രറി<br><br>പുസ്തകങ്ങൾ<br><br>രചന ശില്പശാലകൾ<br><br>കഥ കവിത ചിത്രം | അധ്യാപകർ<br><br>പരിശീലകർ |
| മികച്ച അവതാരകരാക്കുക /സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | പ്രസംഗ പരിശീലനം<br><br>വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ<br><br>മികച്ച | | ജൂലൈ മുതൽ ഡിസംബർ വരെ | ഓഡിയോ വീഡിയോ | അധ്യാപകർ<br><br>പരിശീലകർ |

| | | | | | |
|---|---|---|---|---|---|
| | പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു<br>പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു | | | | |

ഇംഗ്ലീഷ് പ്രവർത്തന പദ്ധതികൾ അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | ഇംഗ്ലീഷ് അസംബ്ലി<br>Speakers forum | മാസത്തിൽ ഒരു തവണ | ഇംഗ്ലീഷ് ടീച്ചർ | പിടിഎ, കുട്ടികൾ |
| വായനശേഷി വർദ്ധിപ്പിക്കുക | News Reading Competition | അസംബ്ലി, ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ഇംഗ്ലീഷ് ടീച്ചർ | പിടിഎ |
| ഇംഗ്ലീഷ് വായനയിലും എഴുത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പിന്തുണ | ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു<br>വർക്ക് സീറ്റുകൾ | ക്ലാസ് സമയത്തിന് ശേഷം<br>ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ<br>ലൈബ്രറിയൻ | |

| | | | | |
|---|---|---|---|---|
| നൽകുക | നൽകുന്നു | | | |
| നാടകീകരണം | പാഠഭാഗങ്ങളിൽ നിന്നുള്ള രംഗങ്ങൾ കണ്ടെത്തി puppet show,skit എന്നിവ അവതരിപ്പിക്കുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷ കേൾക്കാനുള്ള അവസരം നൽകുക, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക | Film, ഡോക്യുമെൻററി പ്രദർശനം | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br>മാസത്തിൽ ഒരു തവണ | ഇംഗ്ലീഷ് ടീച്ചർ | സ്കൂൾ |
| കവിതാലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുക | കവിതകളുടെ ഓഡിയോ കേൾക്കാനുള്ള അവസരം<br>കവിതാലാപനം<br>കവിതാ രചന മത്സരങ്ങൾ | ഓഗസ്റ്റ് , സെപ്റ്റംബർ | ഇംഗ്ലീഷ് ടീച്ചർ | |
| ആവിഷ്കാര ശേഷി വികസിപ്പിക്കുക | English Fest<br>(Skit,group song,Be the character,Recitation,Chorreography) | അക്കാദമിക വർഷത്തിൽ ഒരു പ്രാവശ്യം<br>ജനുവരി | ഇംഗ്ലീഷ് ടീച്ചർ | പിടിഎ |

# സംസ്കൃതം പ്രവർത്തനത്തന പദ്ധതികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പദ്ധതികൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ<br>. അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക<br>. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക<br>ആശയങ്ങൾ തെറ്റുകുടാതെ | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു<br>പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>പതിപ്പുകൾ മാഗസിനുകൾ<br>രചനാ ശിൽപ്പശാലകൾ<br>സംസ്കൃത ദിനാചരണം<br>ഒഴിവു സമയങ്ങളി | പദ്ധതികൾ<br>സംസ്കൃതം ലൈബ്രറി<br>സംസ്കൃത ഗ്രന്ഥങ്ങൾ ബാലകഥകൾ ബാലകവിതകൾ ജീവചരിത്ര ഗ്രന്ഥങ്ങൾ തുടങ്ങിയ ഉൾപ്പെടുത്തി സംസ്കൃത | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc | |

| | | | | | |
|---|---|---|---|---|---|
| പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകുക<br><br>എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക<br><br>ഭാഷാശേഷി വികസിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br><br>ഭാഷാ ലാബ് | ൽ പ്രത്യേക ക്ലാസ്<br><br>വായനാമൂല<br><br>പദപ്പയറ്റ്<br><br>നിഘണ്ടു നിർമ്മാണം<br><br>മാഗസിൻ നിർമ്മാണം<br><br>പോസ്റ്റർ നിർമ്മാണം<br><br>കഥ ഉപന്യാസ രചനകൾ അവതരണം<br><br>കഥാകവിത തുടങ്ങിയ വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ<br><br>ജീവചരിത്രക്കുറിപ്പുകൾ രചിച്ച അല്ലെങ്കിൽ ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ | ലൈബ്രറിയുടെ നിർമ്മാണം<br><br>സംസ്കൃത ദിനാചരണം<br><br>സംസ്കൃത ദിനം വിവിധ പരിപാടികളുടെ സമുചിതമായ ആചരിക്കൽ<br><br>സംസ്കൃത അസംബ്ലി<br><br>വിവിധ ദിനാചരണത്തോടനുബന്ധിച്ച് സ്കൂൾതലത്തിൽ സംസ്കൃതത്തിൽ അസംബ്ലി അവതരിപ്പിക്കൽ<br><br>സംസ്കൃത ഭാഷണ ശിബിരം<br><br>സം | | | |

| | | | | | |
|---|---|---|---|---|---|
| | | സംഭാഷണ പാഠവും മെച്ചപ്പെടുത്താനായി ശിബിരങ്ങൾ സംഘടിപ്പിക്കരുത്<br><br>പഠനയാത്രകൾ സംഘടിപ്പിക്കൽ<br><br>വിവിധ മത്സരങ്ങൾ<br><br>കഥാ രചന കവിതാരചന ഉപന്യാസ രചന പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ<br><br>മികച്ച വിദ്യാർഥികൾക്ക് മത്സരപ | | | |

| | | | | | |
|---|---|---|---|---|---|
| | | രീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം<br><br>സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ , രാമായണ പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br><br>ഐടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ | | | |

## ഹിന്ദി പ്രവർത്തന പദ്ധതികൾ( മാസ്റ്റർ പ്ലാൻ)

പൊതുവായ ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കാനും സംസാരിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക

ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങളെല്ലാം കുട്ടികളും നേടിയെന്ന് ഉറപ്പാക്കുക

ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക

ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക

എട്ടാം ക്ലാസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | | |
|---|---|---|---|---|
| അക്ഷരം ചിഹ്നം തുടങ്ങിയ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു<br><br>ഉച്ചാരണം പരിചയപ്പെടുത്തുന്നു<br><br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു<br><br>ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു<br><br>ഇന്ത്യന് എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു<br><br>കാർട്ടൂൺ ചിത്രകഥ | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു<br><br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു<br><br>ഓഡിയോ വിഷൻ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു<br><br>ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനത്തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | ജൂൺ മുതൽ ജൂലൈ വരെ<br><br>ഓഗസ്റ്റ് സെപ്റ്റംബർ | ജൂൺ ,ജൂലൈ<br><br>ഓഗസ്റ്റ് സെപ്റ്റംബർ | |

| | | | | |
|---|---|---|---|---|
| എന്നിവ വായിച്ച്<br>ആശയം<br>അവതരിപ്പിക്കാൻ<br>കഴിയുന്നു | കേട്ടത് പദസൂര്യൻ<br>പ്രശ്നോത്തരി<br>എന്നിവ നൽകുന്നു<br><br>ചിത്രകഥ കാർട്ടൂൺ<br>ചെറു കവിതകൾ<br>തുടങ്ങിയവ<br>വായനയ്ക്കായി<br>നൽകുന്നു | ഡിസംബർ<br>ജനുവരി | നവംബർ<br>ഡിസംബർ | |

ഒമ്പതാം ക്ലാസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | |
|---|---|---|---|
| ഹിന്ദി എഴുതാനും<br>വായിക്കാനും<br>പിന്നോക്കം<br>നിൽക്കുന്ന<br>കുട്ടികളെ<br>കണ്ടെത്തി<br>പരിശീലനം<br>നൽകുന്നു<br><br>നാമം സർവ്വനാമം<br>വിശേഷണം എന്നിവ<br>മനസ്സിലാക്കുന്നു<br><br>വാക്യഘടന<br>പരിചയപ്പെടുത്തുന്നു<br><br>ചെറിയ ചെറിയ<br>മുദ്രാവാക്യങ്ങൾ<br>എഴുതുവാൻ<br>അറിയുന്നു<br><br>പോസ്റ്റ്<br>തയ്യാറാക്കുവാൻ | വർക്ക് ഷീറ്റുകൾ<br>നൽകുന്നു<br><br>ചിത്രങ്ങൾ<br>അടങ്ങിയ<br>പുസ്തകങ്ങൾ<br>വായിക്കാൻ<br>നൽകുന്നു<br><br>ചാർട്ടുകൾ<br><br>കവിത കഥ<br>പൂരണം<br><br>പോസ്റ്ററിന്റെ<br>മോഡൽ നൽകി<br>അവതരിപ്പിക്കുന്നു | ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ | |

| | | | |
|---|---|---|---|
| അറിയുന്നു<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു | | നവംബർ<br>ഡിസംബർ | |
| | | | |
| | | | |

പത്താം ക്ലാസ്

| | | |
|---|---|---|
| ലക്ഷ്യങ്ങൾ | | |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാ വസ്തുതകളുമായിബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു | നാടകം വേദിയി അവതരിപ്പിക്കുന്നു<br>സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കാൻ പറയുന്നു | ജൂൺ<br>ജൂലൈ |
| സാഹിത്യ വളർത്തുക ,ഹിന്ദി കലോത്സവം മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുക | പദ്യം ചൊല്ലൽ, കഥ ,കവിത പോസ്റ്റർ നിർമ്മാണം | ഓഗസ്റ്റ്<br>സെപ്റ്റംബർ ഗു |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു<br>കഥയെ തിരക്കഥയാക്കി മാറ്റുന്നു<br>ഡയറി എഴുതുന്നു | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു<br>കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കാൻ പറയുന്നു<br>എല്ലാ ദിവസവും ഡയറി എഴുതുന്നു | നവംബർ<br>ജനുവരി |

# സോഷ്യൽ സയൻസ് അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|
| പഠിതാക്കളെ ചരിത്രബോധമുള്ള വരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളെ കുറിച്ചുള്ള വീഡിയോ കാണിച്ചു കൊടുക്കുകയും ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു | നിശ്ചയിച്ച തീയതികളിൽ അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| വായനാശീലം വളർത്തുന്നതിലൂടെ സാമൂഹിക പ്രതിബദ്ധതയുള്ള വരാകുന്നു | ദിവസവും രാവിലെ 10മിനിറ്റ് പത്രവായനയിലൂടെയുള്ള പ്രവർത്തനം നടത്തുന്നു | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക<br>പൗരബോധം മൂല്യബോധം വളർത്തുക | സ്കൂൾ പാർലമെൻറ്<br>ഭരണഘടന പതിപ്പ് തയ്യാറാക്കൽ<br>പൗരബോധം സാമൂഹിക ബോധം | അക്കാദമി വർഷത്തിലെ പ്രത്യേക തിരഞ്ഞെടുത്ത ദിനങ്ങൾ<br>അക്കാദമി വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |

| | | | | | |
|---|---|---|---|---|---|
| | ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ | മുഴുവനും | | | |
| ഭൂപട വായന<br><br>സ്ഥലം നിർണ്ണയനം | ഭൂപട വായന പ്രോത്സാഹിപ്പി ക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ അറ്റ്ലസ് നിർമ്മാണം | അക്കാദമി വർഷം മുഴുവനും | | | |
| പൊതുവിജ്ഞാനം വളർത്തൽ | സാമൂഹ്യശാ സ്ത്രം ആയി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പി ക്കുന്ന കേസുകൾ ദിനാചരണങ്ങൾ പ്രശ്നോത്തരി എന്നിവയെക്കു റിച്ച് വ്യക്തമായ ധാരണ നൽകുന്ന ചരിത്ര സിനിമ പ്രദർശനം | | | | |
| വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും ജലാശയങ്ങൾ കാറ്റ് സമുദ്രങ്ങൾ പർവതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തു ക | വിവിധ മേഖലകളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ | | | | |

## ഫിസിക്കൽ സയൻസ് അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രീയ ചിന്ത വളർത്തുക | സമൂഹത്തിൽ നിലനിൽക്കുന്ന ചില അന്ധവിശ്വാസങ്ങളുടെ കാരണം കണ്ടെത്തുക<br>മതപരമായ വിശ്വാസങ്ങൾ ഉൾപ്പെടുന്നില്ല | 2 ആഴ്ച | ഫിസിക്കൽ സയൻസ് അധ്യാപകർ ഉൾപ്പെടെ എല്ലാവരും | സാമ്പത്തികം വരുന്നില്ല |
| ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കുക | പാഠപുസ്തകവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ക്ലാസിലും അസംബ്ലിയിലും അവതരിപ്പിക്കുക കാര്യകാരണസഹിതം വിശദീകരിക്കുക | അക്കാദമിക വർഷം മുഴുവനും | ഫിസിക്കൽ സയൻസ് നാച്ചുറൽ സയൻസ് അധ്യാപകർ | ലാബിൽ ഇല്ലാത്ത കെമിക്കലുകൾ ഇതര ഉപകരണങ്ങൾ എന്നിവയ്ക്ക് വേണ്ടിവരുന്ന ചിലവ്<br>പിടിഎ |
| പിരിയോഡിക് ടേബിൾ | 9 10 ക്ലാസുകളിലെ | 1 മാസം | ഫിസിക്കൽ | ചാർട്ട് ഫ്ലോചാർട്ട് |

| | | | | |
|---|---|---|---|---|
| വരച്ച മൂലകങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക | വിദ്യാർത്ഥികളിൽ ഇത് ചിത്രരചന താൽപര്യമുള്ള പഠന വൈകല്യങ്ങൾ ഉള്ള വിദ്യാർത്ഥികൾ ഏൽപ്പിക്കുക | | സയൻസ് അധ്യാപിക | പിടിഎ |
| ഫാക്ടറികളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ തൊഴിൽ മേഖലകൾ എന്നിവയെ പറ്റി പരിചയപ്പെടുത്തൽ | ഫാക്ടറി സന്ദർശനം മിൽമ ഡയറി പ്രോഡക്റ്റ് സന്ദർശനം | 2 ഴ്ച | | |
| ശാസ്ത്ര ദിനങ്ങൾ ആചരണം | ക്വിസ്<br>ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ<br>പോസ്റ്റർ നിർമ്മാണം | അക്കാദമിക വർഷം മുഴുവനും | ഫിസിക്കൽ സയൻസ് നാച്ചുറൽ സയൻസ് അധ്യാ | |

| | | | | |
|---|---|---|---|---|
| | | | പകർ | |

## നാച്ചുറൽ സയൻസ് പ്രവർത്തന പദ്ധതികൾ 2025-26

## ക്ലാസ് 8

| മേഖല | പ്രവർത്തങ്ങൾ | കാലം | നിർവഹണം | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ജീവശാസ്ത്രം പാഠം ഒന്ന്<br>നട്ടു നനയ്ക്കാം<br>നന്മകൾ കൊയ്യാം | ശ**രാശരിക്കുമുകളിൽ നിൽക്കുന്നവർക്ക്**<br>ഭൗമ സൂചിക പദവി നേടിയ കാർഷിക ഉത്പന്നങ്ങളുടെ തയ്യാറാക്കുക<br>വെർട്ടിക്കൽ ഫാർമിംഗ് ടെറസിലെ കൃഷി ഹൈഡ്രോപോണിക്സ് ഏറോപോണിക്സ് മാതൃക | ജൂൺ | ഗ്രൂപ്പ് ലീഡർമാർ ക്രോഡീകരിക്കുന്നു<br>ഓരോ കുട്ടിയും പട്ടിക തയ്യാറാക്കുന്നു<br>പിടിഎ<br>ജീവശാ | പിടിഎ | ഒരു പഠന |

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണം<br>ശ**രാശരിയിൽ നിൽക്കുന്നവർക്ക്**<br>സ്മാർട്ട് ഫാമിംഗ് വീഡിയോ പ്രദർശനം<br>ഫീൽഡ് ട്രിപ്പ് - മലമ്പുഴ സർക്കാർ ഫാം സന്ദർശനം/നെല്ലിയാമ്പതി ഓറഞ്ച് ഫാം സന്ദർശനം<br>അസൈൻമെൻ്റ്<br>**ശരാശരിയിൽ താഴെ**<br>ഫീൽഡ് ട്രിപ്പ്, തുള്ളി നന, ബഡ്ഡിങ്, ലയറിങ്, ഗ്രാഫ്റ്റിംഗ് ചെയ്തു പരിശീലനം<br>വിദഗ്ദരുടെ | ജൂൺ<br>ഓഗസ്റ്റ്<br>ജൂ | സ്ത്രം അധ്യാപകർ<br>ക്ലാസ് ടീച്ചർ വിലയിരുത്തുന്നു<br>വിദഗ്ദനായ ഒരാളെ ക്ഷണിക്കുന്നു<br>സ്പെഷ്യൽ അധ്യാപികയുടെ സേവനം | | യാത്രയിൽ തന്നെ കൃഷി ജൈവ വൈവിധ്യ സംരക്ഷണം മുതലായവ ഉൾപ്പെടുത്തിയാൽ നല്ലത് |

| | | | | | |
|---|---|---|---|---|---|
| | സഹായം<br>വീഡിയോ പ്രദർശനം<br>യൂണിറ്റ് ടെസ്റ്റ് | ലൈ<br>ആ<br>ദ്യ<br>വാ<br>രം | | | |
| രണ്ടാം പാഠം<br>ജീവൻറെ ഉത്ഭവം ജീവികളുടെയും | ശരാശരിക്ക് മുകളിൽ<br>അസൈൻമെൻറ്<br>ജീവോൽപ്പത്തിയെ കുറിച്ച് സിദ്ധാന്തങ്ങൾ കണ്ടെത്തലുകൾ നടത്തിയ ശാസ്ത്രജ്ഞരെ കുറിച്ച് ടെക്സ്റ്റ് ബുക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുക<br>കാലഗണന പട്ടിക വിശകലനക്കുറിപ്പ് തയ്യാറാക്കൽ<br>കോസ്മിക് കലണ്ടർ വിശകലനം | ജൂ<br>ലൈ | ഗ്രൂപ്പ് ലീഡർ മാർ മികച്ചത് അവതരിപ്പിക്കുന്നു<br>മികച്ചത് അവതരണം | | |

| | | | | | |
|---|---|---|---|---|---|
| | **ശരാശരി,ശരാശരിക്കും താഴെ**<br><br>പരിണാമ ചരിത്രം വീഡിയോ പ്രദർശനം<br><br>ജൈവവൈവിധ്യം സംരക്ഷണം എന്നിവയ്ക്കായി ഫീൽഡ് ട്രിപ്പ് മൃഗശാല/ കാട്,വന്യജീവി സങ്കേതം<br><br>സ്കൂൾ ക്യാമ്പസിൽ ജൂലൈ അഞ്ചിന് മരം നടൽ പരിസ്ഥിതി ദിനാചരണം പോസ്റ്റർ മത്സരം ബോധവൽക്കരണ ക്ലാസ് എന്നിവ സംഘടിപ്പിക്കു | ജൂൺ<br><br>ഓഗസ്റ്റ് | കൃഷി വകുപ്പ് | | |

| | | | | | |
|---|---|---|---|---|---|
| | ന്നു<br>യൂണിറ്റ് ടെസ്റ്റ് | | | | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണം | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജീവശാസ്ത്രം<br>പാഠം ഒന്ന്<br>ജീവൽ പ്രക്രിയകളിലേക്ക് | **ശരാശരിക്കും ഉയർന്ന നിലയിൽ ഉള്ളവർക്ക്**<br>അസൈൻമെൻറ്- പദാർത്ഥ സംവദനം<br>സസ്യങ്ങളുടെ പ്രാധാന്യവും സംരക്ഷണവും<br>പരീക്ഷണം പ്രകാശസംശ്ലേഷണത്തിൽ ഹരിത കണത്തിന്റെ പ്രാധാന്യം<br>**ശരാശരി /ശരാശരിയിൽ താഴെ** | | | | |
| | | | | | |
| | | | | | |

## കായികമേഖല പ്രവർത്തന പദ്ധതികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ച |
|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ<br>കായിക മത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കായികഇനങ്ങളിൽ പരിശീലനം നൽകൽ<br>മത്സരങ്ങളിൽ മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പിന്തുണ | 1<br>വർഷം | അ |
| പെൺകുട്ടികളിൽ സ്വയം പ്രതിരോധശേഷി വർദ്ധിപ്പിക്കൽ | കരാട്ടെ, തായ്ക്കൊണ്ടോ പരിശീലനം | മാസത്തിൽ<br>ഒരു തവണ | അ |
| | | | |

## ഭിന്നശേഷി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലെ അക്കാദമിക വും സാംസ്കാരിക വുമായ പ്രവർത്തന ങ്ങളിൽ ഭിന്നശേഷി പങ്കാളിത്തം ഉറപ്പുവരു ത്തുക | അക്കാദമിക പ്രവർത്തന ങ്ങളിലുള്ള പങ്കാളിത്തം<br>പോസ്റ്റർ നിർമ്മാണം<br>ചിത്രരചന തുടങ്ങി ദിനാചരണ ങ്ങളിലെ പങ്കാളിത്തം | അ ക്കാദ മിക വർ ഷം മുഴു വൻ | സ്പെ ഷ്യൽ എഡ്യൂ ക്കേറ്റർ | |
| കലാകായിക മേഖലയിലെ പങ്കാളിത്തം ശേഷി തിരിച്ചറിഞ്ഞ് പരിപോഷി പ്പിക്കാൻ | കലോത്സവ ങ്ങൾ<br>ഭിന്നശേഷി ദിനാചരണം | അ ക്കാദ മിക വർ ഷം | സ്പെ ഷ്യൽ എഡ്യൂ ക്കേറ്റർ /SRG | |
| സാമൂഹിക പങ്കാളിത്ത ശേഷി | സ്കൂളിലെ അക്കാദമിക സാമൂഹിക | അ ക്കാദ മിക | സ്പെ | |

| | | | | |
|---|---|---|---|---|
| വികസിപ്പിക്കൽ | പ്രവർത്തനങ്ങളിലെ പങ്കാളിത്തം | വർഷം | ഷ്യൽ എഡ്യൂക്കേറ്റർ | |

## കലാപരിപോഷണം- പ്രവർത്തന പദ്ധതികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ | കഥ, കവിത, ചിത്രരചനാ ശേഷികൾ, സംഗീതം, നൃത്തം, ഉപകരണ സംഗീതം തുടങ്ങിയ വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗ്ഗവാസനകൾ | അക്കാദമിക കാലയളവ് | അധ്യാപക കൂട്ടായ്മ | PTA/Staff സന്നദ്ധ സംഘടനകൾ |

| | | | | |
|---|---|---|---|---|
| | പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുന്നു | | | |

## സ്കൂൾ കൗൺസിലിംഗ് പ്രവർത്തന പദ്ധതികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് പിന്തുണ നൽകൽ<br>മികച്ച വ്യക്തിത്വമുള്ളവരാക്കി മാറ്റൽ | ആത്മവിശ്വാസം ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ<br><br>ഗൃഹ സന്ദർശനം, അഭിമുഖം, നിരീക്ഷണം, | നിരന്തരം | കൗൺസിലിംഗ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | പ്രശ്ന പരിഹരണം തുടങ്ങി വിവിധ മാർഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ (ഗ്രൂപ്പ്&വ്യക്തി) | | | |

## പ്രവർത്തി പരിചയം പ്രവർത്തന പദ്ധതികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തി പരിചയ പരിശീലനം | തൽപരരായ കുട്ടികൾക്ക് വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ | വർഷത്തിൽ ഒരു മാസം | സീനിയർ അസിസ്റ്റൻറ് /എസ് ആർ ജി | PTA സന്നദ്ധ സംഘടനകൾ |

| | | | | |
|---|---|---|---|---|
| പെൺകുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം<br><br>ജീവിത നൈപുണി വികസനം | പെൺകുട്ടികൾക്ക് സ്വയം തൊഴിൽ നൈപുണ്യ വികസനത്തിന്റെ ഭാഗമായുള്ള സൗജന്യ പരിശീലനം<br><br>(യോഗ, ക്രാഫ്റ്റ്, പെൻ ആർട്ട്,പ്രസംഗ പരിശീലനം | ആഴ്ചയിൽ ഒരിക്കൽ<br><br>അക്കാദമിക വർഷം | സൈക്കോ സോഷ്യൽ ക്ലബ്<br><br>സൈക്കോ സോഷ്യൽ ക്ലബ് | PTA/സന്നദ്ധ സംഘടനകൾ |
| പെൺകുട്ടികൾക്കുള്ള സാമൂഹിക അവബോ | പോക്സോ, ബാലവേല, | അക്കാദമിക | സ്കൂൾ കൗൺസിലർ/സൈ | |

| | | | | |
|---|---|---|---|---|
| ധ ക്ലാസുകൾ | ശൈശവ വിവാഹം<br>അവബോധ ക്ലാസുകൾ ഹലോ | വർഷം | ക്ലോ സോഷ്യൽ ക്ലബ് | |

**PTA,CPTA ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്ക | CPTA യോഗം കാര്യക്ഷമമായി നടത്തൽ പഠന | വർഷത്തിൽ 3 മാസത്തിൽ ഒരിക്ക | ക്ലാസ് ടീച്ചർ/എസ് ആർ ജി | |

| | | | | |
|---|---|---|---|---|
| ൾക്കും കുട്ടികളുടെ മികവ് പോരായ്മകൾ എന്നിവ തിരിച്ചറിയാനും പരിഹരിക്കുന്നതിനുമുള്ള സഹകരണം ഉറപ്പുവരുത്തൽ | നേട്ടങ്ങൾ പഠന തെളിവുകൾ തുടങ്ങിയവയുടെ അവതരണം<br>പങ്കാളിത്തം | ൽ | | |
| .പ്രാദേശിക പിടിഎ രൂപീകരണം , അക്കാദമിക കാര്യങ്ങൾ പങ്കുവെക്കൽ<br>.സ്കൂൾ പ്രവർത്തനങ്ങളിൽ സാമൂഹിക | SSLC ക്ക് മികച്ച വിജയം നേടുന്നതിന് വിദ്യാർത്ഥികളുടെ രക്ഷിതാക്കളെമേഖലകളായി തിരിച്ച് | നവംബർ മുതൽ SSLC പരീക്ഷ വരെ ഓരോ മാസത്തിലും | PTA/SRG/ ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| പങ്കാളിത്തം ഉറപ്പുവരുത്തൽ | പ്രാദേശിക പിടിഎ യോഗങ്ങൾ ചേരൽ | | | |

## പരീക്ഷ പരിശീലനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എസ്എസ്എൽസി സമ്പൂർണ്ണ വിജയം | അധിക പഠന സമയം കണ്ടെത്തൽ<br>Morning/Evening<br>Class<br><br>2) ലഘു ഭക്ഷണം നൽകൽ | ഓഗസ്റ്റ് മാസം മുതൽ മാർച്ച് വരെ | അധ്യാപകർ/SRG | PTA<br><br>PTA/സന്നദ്ധ സംഘടനകൾ |

| | | | | |
|---|---|---|---|---|
| ദേശീയ നിലവാര പരീക്ഷയിൽ മുൻനിരയിൽ എത്തിക്കൽ | മാതൃകാ ചോദ്യങ്ങൾ നൽകി പരിശീലിപ്പിക്കൽ | പരീക്ഷ വരെ | അധ്യാപകർ/SRG | PTA |
| | | | | |